"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ (പി എഫ്) വകുപ്പ്

നം.07/2021 /ധന തിരുവനന്തപുരം തീയതി: 27/01/2021

**പരിപത്രം**

വിഷയം:- നിയമനാംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള കുടിശ്ശിക നിലവിലുള്ള പി എഫ് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ ഉ (പി) നം.10/2010/പൊ വി വ തീയതി 12/01/2010
2. സ ഉ (പി) നം.29/2016/പൊ വി വ തീയതി 29/01/2016
3. പരിപത്രം നം.06/2018/ധന തീയതി 10/01/2018

സൂചന 2 പ്രകാരം നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ പെൻഷൻ പറ്റിപ്പോയവർ/പി എഫ് അംഗത്വം നിർബന്ധമല്ലാത്തവർ എന്നിവരൊഴിച്ചുള്ളവരുടെ മുൻകാല ശമ്പള കുടിശ്ശിക ആയതിലെ ഖണ്ഡിക II (6) ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്ന് സൂചന 3 പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പള കുടിശ്ശിക ഇനത്തിൽ വരുന്ന തുക ജീവനക്കാർക്ക് നേരിട്ട് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ തലങ്ങളിൽ നിന്നുള്ള അപേക്ഷകൾ സർക്കാരിന് വീണ്ടും ലഭിച്ചു വരുന്നതായി കാണുന്നു.

ധനകാര്യ വകുപ്പ് ടി വിഷയം വിശദമായി പരിശോധിക്കുകയും എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പള കുടിശ്ശിക നിർബന്ധമായും അവരുടെ പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളു എന്നും നിഷ്കർഷിക്കുന്നു. എന്നാൽ ടി വർഷ കാലയളവിനുള്ളിൽ സർവ്വീസിൽ നിന്ന് പിരിഞ്ഞു പോകുന്നവർക്കും/ പി എഫ് അംഗത്വം നിർബന്ധമില്ലാത്തവർക്കും/ നിലവിൽ പി എഫ് ഇല്ലാത്ത പാർട്ട് ടൈം ടീച്ചർമാർക്കും ശമ്പള കുടിശ്ശിക അവരുടെ ബാങ്ക് /ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകാവുന്നതാണ്.

ടി വിഷയത്തിൽ മുൻപ് തീർപ്പാക്കിയ അപേക്ഷകൾ പുന:പരിശോധിക്കേണ്ടതില്ല.

യമുന വി
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പുമേധാവികൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

<u>പുറത്തെഴുത്ത് കത്ത് നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ. തീയതി : 05.03.2021</u>

സർക്കാർ പരിപത്രത്തിന്റെ പകർപ്പ് അറിവിലേക്കായും അനന്തരനടപടികൾ സ്വീകരിക്കുന്നതിനായും ഇതോടൊപ്പം അയയ്ക്കുന്നു.

**സി.എ. സന്തോഷ്**
പെൻ - 362891
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

സ്വീകർത്താക്കൾ

1. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. ഓല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം).

പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
2. ഓഫീസ് കോപ്പി/കരുതൽ ഫയൽ.

എം.എസ്.